29. ''പുരാന്തകൻ ദക്ഷമഖം മുടക്കുവാൻ
ശരം പ്രയോഗിച്ചൊരു വില്ലു, രാഘവൻ
ദരാവഹം പന്നഗരാജ തുല്യമായ്
നിരീക്ഷണം ചെയ്തു കരത്തിലേന്തി നാൻ'' - സൂചിതസന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

30. ''നെഞ്ചിൽ കിഞ്ചിൽ കിടക്കും കൊടിയ കുടിലത -
യ്ക്കൊന്നു വേറേ തൊഴുന്നേൻ'' - കുടിലത എന്താണ്? എന്തിനാണ് ഇങ്ങനെ പ്രാർത്ഥിക്കുന്നത്?

31. ''ദ്വിതീയാക്ഷരപ്രാസം തീർപ്പതു
കൈരളീ മഹിളതൻ മംഗല്യമാണെന്നോർക്കണം'' - വരികളിൽ സൂചിതമാവുന്ന മലയാള സാഹിത്യത്തിലെ കാവ്യസമരങ്ങളെക്കുറിച്ച് വിവരിക്കുക.

**(6 × 4 = 24 Marks)**

IV. **300** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. പാട്ടിന്റെ ലക്ഷണം എഴുതി ഉദാഹരണ സഹിതം വിശദീകരിക്കുക.

33. ''കൃഷ്ണഗാഥയെ ജനകീയമാക്കുന്ന ഘടകങ്ങളിലൊന്ന് കാവ്യത്തിലെ ലളിതവും സുന്ദരവുമായ മലയാള ഭാഷാപദങ്ങളുടെ അവിരാമമായ ഒഴുക്കാണ്'' - പാഠഭാഗത്തെ മുൻനിർത്തി സമർത്ഥിക്കുക.

34. ദമയന്തീ പ്രണയപരവശനായ നളന്റെ ഉദ്യാനപ്രവേശവും തുടർന്നുള്ള അനുഭവങ്ങളും വിവരിക്കുക.

35. മുക്തകം എന്നാലെന്ത്? കാവ്യരീതിയുടെ പ്രത്യേകതകൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

**(2 × 15 = 30 Marks)**

---



St. Xavier's College

(Pages : 4) **T – 1846**

**Reg. No. : ..............................**

**Name : ..................................**

**Sixth Semester B.A. Degree Examination, April 2024**

**Career Related First Degree Programme under CBCSS**

**Malayalam and Mass Communication**

**Core Course**

**MX 1641 : ആധുനിക പൂർവ്വകവിത**

**(2021 Admission)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. രാമചരിത രചനയ്ക്കാസ്പദമായ രാമായണകാണ്ഡം ഏത്?

2. മയൂരസന്ദേശം എഴുതിയത് ആര്?

3. ഗാഥാവൃത്തം എന്നറിയപ്പെടുന്ന വൃത്തമേത്?

4. രാമായണത്തിലെ ഏറ്റവും മനോഹരവും പ്രധാനവുമായ കാണ്ഡം എന്നറിയപ്പെടുന്നത് ഏത്?

5. നള-ദമയന്തീ കഥ എത്ര ദിവസം കൊണ്ട് രംഗത്ത് അവതരിപ്പിക്കുന്ന രീതിയിലാണ് ഉണ്ണായി വാര്യർ ചിട്ടപ്പെടുത്തിയത്?

6. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് ആര്?

7. കൈരളിയുടെ കഥ - എഴുതിയത് ആര്?

8. മലയാളത്തിലെ ആദ്യത്തെ പച്ച മലയാള കൃതി?

9. മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ രാമായണ വിവർത്തനം?

10. ഭാഷാനൈഷധം ചമ്പു രചിച്ചത് ആര്?

**(10 × 1 = 10 Marks)**

II. **50** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ലീലാതിലകത്തെക്കുറിച്ച് കുറിപ്പെഴുതുക.

12. സന്ദേശകാവ്യങ്ങളുടെ ഘടന എപ്രകാരമാണ്?

13. മണിപ്രവാളത്തിന്റെ ലക്ഷണം എന്ത്? മണിപ്രവാളവിഭാഗങ്ങളെക്കുറിച്ചെഴുതുക.

14. വടക്കൻ പാട്ട് എന്നാലെന്ത്?

15. ഗാഥാപ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന കുറിപ്പ് തയ്യാറാക്കുക.

16. മലയാളത്തിലെ ഭക്തിപ്രസ്ഥാനത്തെക്കുറിച്ച് ലഘു വിവരണം തയ്യാറാക്കുക.

17. എഴുത്തച്ഛൻ മലയാളഭാഷയുടെ മാനകീകരണം നടപ്പിലാക്കിയതെങ്ങനെ?

18. കുറിപ്പെഴുതുക - ആദ്യകാല മണിപ്രവാളകൃതികൾ.

19. രാമപുരത്തു വാര്യരുടെ ആത്മോപാഖ്യാനപരമായ കവിതയാണ് കുചേലവൃത്തം വഞ്ചിപ്പാട്ട് എന്നു പറയുന്നതെന്തുകൊണ്ട്?

20. വെണ്മണി കവികൾ ആരെല്ലാമാണ്? ലഘുവിവരണം എഴുതുക.

21. തുള്ളൽ എന്നാലെന്ത്? തുള്ളൽ വിഭാഗങ്ങളേതെല്ലാമാണ്?

22. മലയാളത്തിലെ മഹാകാവ്യങ്ങളെ പരിചയപ്പെടുത്തുന്ന കുറിപ്പ് എഴുതുക.

**(8 × 2 = 16 Marks)**



St. Xavier's College

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. നാടൻപാട്ടുകളുടെ പൊതു സവിശേഷതകൾ എന്തെല്ലാം?

24. ''ഊനമറ്റെഴുമിരാമചരിതത്തിലൊരു
തെല്ലുഴിയിൽച്ചെറിയവർക്കറിയുമാറുരചെയ്‌വാൻ
ഞാനുടക്കിനതിനേണനയനേ, നടമിടെൻ
നാവിലിച്ചയോടു വൈത്തടിയിണൈ ക്കമലതാർ'' - വിശദമാക്കുക.

25. നീർത്താനിന്ദുപലമിവ തെളിഞ്ഞാമ്പൽ പോലെ ചിരിച്ചാൻ
ആർത്താൻ വണ്ടിൻ കുലമിവ, വളർന്നാൻ പയോരാശിപോലെ - വരികളിലെ കാവ്യഭംഗിയെ
വിശകലനം ചെയ്യുക.

26. ''പോരായിപ്പണ്ടു കഴിഞ്ഞോരു ജന്മത്തിൽ
വൈരം കലർന്നുള്ള ലോകരെല്ലാം
മക്കളായ് വന്നു പിറന്നു ചമഞ്ഞിട്ടു
ദുഃഖമിയറ്റുന്നൂതെന്നു തോന്നും'' - ആരാണ് ഇങ്ങനെ ചിന്തിക്കുന്നത്? സന്ദർഭവും സാരസ്യവും
വിശദമാക്കുക.

27. ''ഇത്ഥമോരോന്നു പറഞ്ഞെത്രയും ദുഃഖം പൂണ്ടു സത്വരം നീളെത്തിരഞ്ഞെങ്ങുമേ കണ്ടീലല്ലോ''
- ആരാണ് വിലപിക്കുന്നത്? വിലാപം സംഗ്രഹിച്ചെഴുതുക.

28. ''രത്നമെല്ലാം നിനക്കുള്ളു
യജ്ഞമേ ദേവകൾക്കുള്ളൂ
യത്നമേതദർത്ഥം നൃപസത്തമ, നിനക്കു യോഗ്യം'' - ആരുടെ വാക്കുകളാണിത്? ആരോടാണ്
പറഞ്ഞത്? അർത്ഥവിവക്ഷ വ്യക്തമാക്കുക.